## പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1211 20.03.2012 - ൽ മറുപടിക്ക്

### കക്കോടി ഗ്രാമപഞ്ചായത്തിലെ മാവിളിക്കടവ് - പാർത്ഥസാരഥി റോഡ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.കെ. ശശീന്ദ്രൻ | ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ് (മരാമത്ത് വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കോഴിക്കോട് ജില്ലയിലെ എലത്തൂർ നിയോജക മണ്ഡലത്തിലെ കക്കോടി ഗ്രാമപഞ്ചായത്തിലെ മാവിളിക്കടവ് - പാർത്ഥസാരഥി റോഡ് പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കണ മെന്നാവശ്യപ്പെട്ടു കൊണ്ടുള്ള നിവേദനം ലഭിച്ചിട്ടുണ്ടോ യെന്ന് വെളിപ്പെടുത്താമോ; | (എ) | ഉണ്ട് |
| (ബി) | എങ്കിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്താമോ? | (ബി) | ജി.ഒ. (ആർ.ടി) 1172/2004/പൊ.മ.വ തീയതി 23.11.2004 ഉത്തരവ് പ്രകാരം ക്രമ നമ്പർ 15 ആയി കരിക്കാംകുളം -കരുവിശ്ശേരി-മാവിലിക്കടവ്-പാർത്ഥ സാരഥി-കൂടത്തും പൊയിൽ -കക്കോടി (കൃഷ്ണൻ നായർ റോഡ്) 5.80 കി.മീ. ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 2.415 കി.മീ. ദൂരം അറ്റകുറ്റപണികൾ പൊതുമരാമത്ത് വകുപ്പാണ് നടത്തി വരുന്നത്. കൂടാതെ മാവിളിക്കടവ് പാലം പൊതുമരാമത്ത് വകുപ്പാണ് നിർമ്മിച്ചിട്ടുള്ളതെങ്കിലും പാലത്തിന്റെ മോരിക്കര ഭാഗത്തുള്ള റോഡിന് പൊതുമരാമത്ത് വകുപ്പ് സ്റ്റാൻഡേർഡ് പ്രകാരമുള്ള വീതി |

ഇല്ലാത്തതിനാൽ ആ ഭാഗത്ത് അറ്റകുറ്റ പണികൾ നടത്താൻ കഴിഞ്ഞിട്ടില്ല. ആ ഭാഗത്തെ പണികൾ കക്കോടി പഞ്ചായത്ത് ആണ് നടത്തുന്നത്. ആ ഭാഗം PWD യ്ക്ക് കൈമാറാൻ പഞ്ചായത്ത് അധികൃതരോട് നിർദ്ദേശിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ